"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

കോവിഡ് 19 - പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ ഗതാഗത സൗകര്യമൊരുക്കുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.950/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/05/2021

പരാമർശം:- 1 28.04.2021-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന മീറ്റിങ്ങിലെ മിനിട്സ്.

2 29.04.2021-ലെ സ.ഉ.(സാധാ.)932/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

3 02.05.2021-ലെ സ.ഉ.(സാധാ.)939/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

പരാമർശം 1 മീറ്റിങ്ങിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം വാർ റൂം രൂപീകരിച്ചും പരാമർശം 3 പ്രകാരം ദിവസം മുഴുവൻ പ്രവർത്തിക്കുന്ന ഹെല്പ് ഡെസ്കുകൾ രൂപീകരിച്ചും ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കോവിഡ് - പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ ഗതാഗത സൗകര്യമൊരുക്കുന്നതിനു വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മാർഗനിർദ്ദേശങ്ങൾ**

1. കോവിഡ് - പ്രതിരോധ പ്രവർത്തനത്തിൽ ഗതാഗതം പ്രധാന ഘടകമാണ്. ഇതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ കൃത്യമായ പ്ലാൻ അടിയന്തിരമായി തയ്യാറാക്കി പ്രായോഗിക തലത്തിൽ കൊണ്ടുവരണം.
2. രോഗബാധ സംശയിക്കുന്നവരെ ടെസ്റ്റിങ് സെന്ററുകളിലും തിരിച്ച് വീടുകളിലും എത്തിക്കുക, രോഗികളെ DCC(ഡൊമിസിലിയറി കെയർ സെന്റർ)/CFLTC/ആശുപത്രിയിൽ യഥാസമയം എത്തിക്കൽ, ഗുരുതരാവസ്ഥയിലാകുന്നവരെ ഉയർന്നതല ചികിത്സാകേന്ദ്രങ്ങളിലേക്ക് മാറ്റൽ, വാക്സിൻ നൽകുന്ന സ്ഥലങ്ങളിലേക്ക് ആരോഗ്യ പ്രവർത്തകരേയും സാധനങ്ങളും എത്തിക്കൽ, DCC, CFLTC തുടങ്ങിയ പ്രത്യേക ചികിത്സാ കേന്ദ്രങ്ങളിലേക്ക് ആവശ്യമായ സാധനങ്ങൾ യഥാസമയം ലഭ്യമാക്കൽ, വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർക്ക് അടിയന്തര സഹായങ്ങൾ ലഭ്യമാക്കൽ, തുടങ്ങി കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേരിട്ട് ഗതാഗത സൗകര്യം ലഭ്യമാക്കുന്നതിനോടൊപ്പം ഇതര രോഗികൾക്ക് അടിയന്തര ഘട്ടങ്ങളിൽ ആശുപത്രിയിലെത്താനും പരിശോധനകൾക്ക് പോകുന്നതിനും വാഹനം ലഭിക്കാനുള്ള ക്രമീകരണം ഉറപ്പാക്കി വാഹന ലഭ്യതയ്ക്ക് സഹായവും പിന്തുണയും നൽകേണ്ടതുണ്ട്.
3. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഒരു ഗതാഗത പ്ലാൻ ഉണ്ടാക്കുകയും അത് നടപ്പിലാക്കാനും ഏകോപിപ്പിക്കാനും ചുമതലക്കാരെ നിശ്ചയിക്കുകയും വേണം.
4. കോർപ്പറേഷനുകൾ / മുനിസിപ്പാലിറ്റികൾ /ഗ്രാമ പഞ്ചായത്തുകൾ ജനസംഖ്യ, വലിപ്പം, രോഗികളുടെ നിലവിലെ വർദ്ധന നിരക്ക് എന്നിവ മനസ്സിലാക്കി വാഹന ലഭ്യത ഉറപ്പാക്കാനുള്ള പ്ലാൻ ഉണ്ടാക്കണം. ഗ്രാമപഞ്ചായത്തുകളിൽ കുറഞ്ഞത് 5 വാഹനങ്ങളുടേയും, മുനിസിപ്പാലിറ്റികളിൽ 10 വാഹനങ്ങളുടേയും കോർപ്പറേഷനുകൾ 25 വാഹനങ്ങളുടേയും ലഭ്യത ഉറപ്പാക്കാൻ ശ്രദ്ധിക്കണം.

5. കോവിഡ് 19 ചികിത്സാ സഹായത്തിന് വാഹനം ഉറപ്പാക്കുമ്പോൾ 108 ആംബുലൻസ് ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഘട്ടങ്ങളിൽ ഡബിൾ ചേംബർ ഉള്ള ടാക്സികളും ആംബുലൻസുകളും ആയിരിക്കണമെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6. രാത്രിയും പകലും സേവനം ലഭ്യമാക്കാൻ ഉറപ്പ് വരുത്തുന്ന തരത്തിലായിരിക്കണം വാഹനങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തേണ്ടത്.

7. വാഹനങ്ങൾ മുഴുവൻ വാടകയ്ക്ക് എടുക്കുക എന്ന സമീപനം മാത്രമാകരുത് പിന്തുടരേണ്ടത്.

7.1 തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിയിലും സമീപത്തുമുള്ള ആമ്പുലൻസുകളുമായി സംസാരിച്ച് ധാരണ ഉണ്ടാക്കി ആവശ്യാനുസരണം സേവനം ലഭ്യമാകുന്ന തരത്തിൽ കരാറിലോടുന്ന രീതി സ്വീകരിക്കാം.

7.2. സഹകരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, ട്രസ്റ്റുകൾ, തുടങ്ങി ആംബുലൻസുകളുള്ള സ്ഥാപനങ്ങളുമായി സംസാരിച്ച്, സ്പോൺസർഷിപ് / ചെലവ് വഹിക്കുന്ന രീതി / യഥാർത്ഥ യാത്രകൾക്ക് മിനിമം നിരക്ക് നൽകുന്ന തരത്തിലോ വ്യവസ്ഥകളുണ്ടാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പൂർണ്ണ നിയന്ത്രണത്തിൽ ലഭ്യമാക്കുക.

7.3. ഈ പ്രത്യേക കാലഘട്ടത്തിൽ സ്വന്തം വാഹനം കാര്യമായി ഉപയോഗിക്കാത്തവരേയോ ഒന്നിലധികം വാഹനം ഉള്ളവരേയോ ഈ ദൗത്യത്തിലേക്ക് വാഹനം സ്പോൺസർ ചെയ്യിക്കുക. വാഹനം മാത്രം വിട്ടുതരാൻ സന്നദ്ധമായവരിൽ നിന്നും വാഹനം വാങ്ങുകയും ഇന്ധനം, ഡ്രൈവർ ചെലവുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കുകയും ചെയ്യുക. ഇന്ധനം സ്പോൺസർ ചെയ്യൽ, സന്നദ്ധ സേവനമായി ഡ്രൈവിംഗ് ജോലി ചെയ്യാൻ സാധ്യതയുള്ളവരെ കണ്ടെത്തൽ തുടങ്ങിയ രീതികളും പ്രയോജനപ്പെടുത്താൻ ശ്രമിക്കുക.

7.4. ടാക്സി സംവിധാനവുമായി ബന്ധപ്പെട്ട് പ്രാദേശിക ടാക്സി തൊഴിലാളി സംഘടനകളുമായി കരാർ ഉണ്ടാക്കി വാഹന ലഭ്യത ഉറപ്പാക്കാം.

7.5. മറ്റ് രോഗികൾക്ക് അവശ്യഘട്ടങ്ങളിൽ വാഹനം ലഭിക്കാനുള്ള പ്രത്യേക ക്രമീകരണം ടാക്സി / ഓട്ടോ യൂണിയനുകളുമായി സംസാരിച്ച് ഉറപ്പാക്കുകയും നിബന്ധനകൾ (വാടക നിരക്ക്, ബന്ധപ്പെടേണ്ട നമ്പർ) ഉൾപ്പെടെ പ്രസ്തുത വിവരം മുഴുവൻപേർക്കും ലഭിക്കാനുള്ള ക്രമീകരണം ഉണ്ടാക്കുകയും വേണം.

7.6.റസിഡന്റ്സ് അസോസിയേഷനുകൾ ഉൾപ്പെടെയുള്ള സാമൂഹ്യ സംഘടനകളുടെ മുൻകൈയിൽ അതാത് പ്രദേശങ്ങളിൽ പ്രത്യേകം വാഹനങ്ങൾ ക്രമീകരിക്കുന്നതും പരിഗണിക്കാവുന്നതാണ്.

7.7.വാഹനം, ഇന്ധനം, ഡ്രൈവറുടെ വേതനം എന്നിവയിൽ സർക്കാർ പണം ചെലവ് ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ നിയമാനുസൃത Logbook എഴുതി സൂക്ഷിക്കേണ്ടതാണ്.

7.8.സ്പോൺസർഷിപ്പ് ഉൾപ്പെടെയുള്ള ഏത് വാഹനമായാലും കൺട്രോൾ റൂമിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾ മാത്രമേ ഔദ്യോഗികമായി ഉപയോഗിക്കാനുള്ളൂ എന്ന് ഉറപ്പ് വരുത്തണം.

7.9. കോവിഡ് ചികിത്സക്ക് ഗതാഗതം ഉറപ്പാക്കുന്നതോടൊപ്പം മറ്റ് രോഗികളുടെ ആവശ്യത്തിന് വാഹന ലഭ്യത ഉറപ്പാക്കാൻ കഴിയുക എന്നതാണ് ഏറ്റവും പ്രധാനം.

8 കോവിഡ് - രോഗികളെ വീട്ടിൽ നിന്നും DCC/CFLTCകളിലേക്ക് കൊണ്ടുപോകാൻ ഉപയോഗിക്കുന്ന വാഹനങ്ങളിൽ പി.പി.ഇ. കിറ്റ് ധരിച്ച് സഹായികൾ ഉണ്ടായിരിക്കണം. ഈ സഹായികളെ സന്നദ്ധസേനയിൽ നിന്നും തിരഞ്ഞെടുത്ത് പരിശീലനം നൽകി നിയോഗിക്കണം.

9.ടാക്സികളാണ് ഉപയോഗിക്കുന്നതെങ്കിൽ ഡ്രൈവർമാർക്ക് പി.പി.ഇ. കിറ്റ് നിർബന്ധമാക്കുകയും ആയത് തദ്ദേശ സ്ഥാപനം വാങ്ങി നൽകുകയും വേണം.

10. ഓക്സിജൻ നൽകാൻ സൗകര്യമുള്ള ഒന്നോരണ്ടോ വാഹനങ്ങൾ എങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പ്രത്യേകമായി വേണം.

11. ഓരോ യാത്രയ്ക്കുശേഷവും വാഹനം ശുചീകരിക്കേണ്ടതാണ്. ശരിയായ രീതിയിൽ വാഹനം ശുചീകരിക്കാനും ഡ്രൈവറേയും സഹായിയായി നിയോഗിക്കുന്ന പ്രവർത്തകനേയും പരിശീലിപ്പിച്ചിരിക്കണം. ഗതാഗതത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥ(ൻ) വാഹന ശുചീകരണം കൃത്യമായി ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം.

12. വാഹനങ്ങളുടെ ഡ്രൈവർമാരും സഹായികളും സുരക്ഷയ്ക്ക് വേണ്ടി ഈ ഡ്യൂട്ടി കാലഘട്ടത്തിൽ കുടുംബത്തോടൊപ്പം അധികം ഇടപഴകാതെ ശ്രദ്ധിക്കണമെന്ന് നിർദ്ദേശം നൽകാവുന്നതാണ്. കഴിയുമെങ്കിൽ ഇവർക്കൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രത്യേകം താമസം ഏർപ്പെടുത്തിക്കൊടുത്താൽ നന്നാവും.

13. വാഹനങ്ങളും അവയുടെ വിനിയോഗവും സംബന്ധിച്ച കാര്യങ്ങളുടെ നിർവ്വഹണ സംവിധാനത്തെ ഡൊമിസിലിയറി കെയർ സെൻററുകളുമായി അറ്റാച്ച് ചെയ്താൽ ഡ്രൈവർമാരുടേയും സഹായികളുടേയും താമസം വാഹനങ്ങളുടെ പാർക്കിങ്, കമ്മ്യൂണിക്കേഷൻ എന്നിവ എളുപ്പമാക്കാവുന്നതാണ്.

14. ഗതാഗതത്തിന്റെ കാര്യം കൃത്യമായി നിർവ്വഹിക്കുന്നതിന് ഒരു കൺട്രോൾ റൂം സംവിധാനം ഉണ്ടാകണം. കുറഞ്ഞത് 3 - മൊബൈൽ നമ്പർ ഇതിനായി ഉണ്ടാകണം. 5 മിനിട്ടിനുള്ളിൽ വാഹന ലഭ്യത ഉറപ്പാക്കാൻ കഴിയുന്ന തരത്തിലായിരിക്കണം കൺട്രോൾ റൂം പ്രവർത്തിക്കേണ്ടത്.

15. സ്ത്രീ രോഗികളെ കൊണ്ടുപോകുന്ന വാഹനങ്ങളിൽ അവരുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനുള്ള ക്രമീകരണം ഉണ്ടാവണം.

16. ഏത് സമയത്തും (24 hrs) വാഹന ലഭ്യത ഉറപ്പാക്കുക എന്നതാണ് മുഖ്യ ചുമതല.

17. വാഹന വാടക നൽകാൻ കഴിയുന്ന വ്യക്തിയാണെങ്കിൽ ആയത് തദ്ദേശ സ്ഥാപനത്തിന് രോഗമുക്തിക്ക് ശേഷം കൈമാറാനുള്ള സൗകര്യം ലഭ്യമാണെന്നറിയിക്കുകയും, ആയത് വാങ്ങി കൃത്യമായി അക്കൗണ്ട് ചെയ്യുകയും ആവാം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന )
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/G&SSA/E&RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്: -

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്